**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.2696 — 13.03.2020 -ൽ മറുപടിയ്ക്ക്.

**രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സംവിധാനങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ ആക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ ആക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചു കൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.<br>2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം.<br>3. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില ഒടുക്കേണ്ടി വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br>4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.<br>5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം. |

| | | | |
|---|---|---|---|
| | | | 6. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.<br>7. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം.<br>8. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനു വേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.<br>9. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം.<br>10. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം. |
| (ബി) | കേരളത്തിലെ എല്ലാ രജിസ്ട്രാർ ആഫീസുകളിലും ഇതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | കേരളത്തിലെ എല്ലാ രജിസ്ട്രാർ ഓഫീസുകളിലും മുകളിൽ പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | രജിസ്ട്രാർ ആഫീസുകളിൽ നിന്ന് പൊതു ജനങ്ങൾക്ക് ലഭ്യമാകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ നല്കാമോ? | (സി) | ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വസ്തുക്കളുടെ ബാദ്ധ്യത സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി വകുപ്പിന്റെ വെബ് സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റായി ഫീസ് ഒടുക്കുന്നതിനും, ഓഫീസിൽ തയ്യാറാക്കിയ സർട്ടിഫിക്കറ്റ് അപേക്ഷകർക്ക് സബ് രജിസ്ട്രാർ ഓഫീസിൽ പോകാതെ തന്നെ വെബ് |

| | | | |
|---|---|---|---|
| | | | സൈറ്റിലൂടെ ഡൗൺലോഡ് ചെയ്യെടുക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷ സ്വീകരിച്ച വിവരവും സർട്ടിഫിക്കറ്റുകൾ തയ്യാറായ വിവരവും ഉടനടി അപേക്ഷകന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ് സന്ദേശമായി ലഭിക്കുകയും ചെയ്യുന്നു. വസ്തു സംബന്ധമായ ബാദ്ധ്യത സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തി ഓൺലൈനായി നൽകുന്ന സൗകര്യം വന്നതോടുകൂടി വസ്തു സംബന്ധമായ ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുവേണ്ടി ഓഫീസുകളിൽ വരാതെ തന്നെ എവിടെ നിന്നും അപേക്ഷിക്കാനും പ്രിന്റെടുക്കാനും കഴിയുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**